"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് - വിവിധ പരീക്ഷകളിൽ ഉന്നത സ്ഥാനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ നൽകുന്നത് - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്**

സ.ഉ(സാധാ)നം.132/2022/പജപവവിവ　　　　തീയതി തിരുവനന്തപുരം 16.02.2022

---

പരാമർശം:- 1) സ.ഉ (സാധാ)നം. 818/2011/പജപവവിവ തീയതി 27.08.2011

2) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16/12/2021-ലെ ബി1-13121/21 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ നേടിയ വിദ്യാർത്ഥികൾക്ക് 4 ഗ്രാം തൂക്കമുള്ള സ്വർണ്ണമെഡലുകളും മെഡിക്കൽ/എഞ്ചിനീയിറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്ക് 8 ഗ്രാം തൂക്കമുള്ള സ്വർണ്ണമെഡലുകളും പരാമർശ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 2021 വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടിയ 430 വിദ്യാർത്ഥികൾക്കും +2 പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടിയ 76 വിദ്യാർത്ഥികൾക്കും മെഡിക്കൽ/എഞ്ചിനീയിറിംഗ് പ്രവേശന പരീക്ഷ ഉൾപ്പെടെ കേരള സർക്കാരിന്റെ വിവിധ പ്രവേശന പരീക്ഷകളിൽ ആദ്യ റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്കും സ്വർണ്ണമെഡലുകൾ നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി,, ഹയർസെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4 ഗ്രാം (അരപ്പവൻ) തൂക്കമുള്ള സ്വർണ്ണമെഡലുകൾ വിതരണം ചെയ്യുന്നത് തുടരുന്നതിനും, മെഡിക്കൽ/എഞ്ചിനീയിറിംഗ് പ്രവേശന പരീക്ഷ ഉൾപ്പെടെ കേരള സർക്കാരിന്റെ വിവിധ പ്രവേശന പരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 8 ഗ്രാം (ഒരുപവൻ) തൂക്കമുള്ള സ്വർണ്ണമെഡലുകൾ വിതരണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേയ്ക്കാവശ്യമായ തുക 2225-02-277-39 IEC (പ്ലാൻ) ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ജെ. ജോസഫ്**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കോണമിക് & റവന്യൂ സെക്ടർ), കേരളം, തിരുവനന്തപുരം.
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ.ഡി, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ